# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **29/10/2019-ൽ മറുപടിയ്ക്ക്**

### സഹകരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതകൾ ഏറ്റെടുത്ത നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം.ഉമ്മർ**<br>**,, മഞ്ഞളാംകുഴി അലി**<br>**,, പി.കെ.ബഷീർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും | കേരള കോ-ഓപ്പറേറ്റീവ് ബാങ്ക്(കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി 31.12.18-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 728/2018/സഹ നമ്പർ ഉത്തരവ് പ്രകാരം റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ പദ്ധതി പ്രകാരം 306.75 കോടി രൂപ (മാർക്കറ്റ് ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിനും ജില്ല ജില്ലാ സഹകരണ ബാങ്കുകൾക്കുമായി അനുവദിച്ചിട്ടുണ്ട്.<br>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിലേയ്ക്കായി അനുവദിച്ച തുക റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പ യായിട്ടാണ് അനുവദിച്ചിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽ നിന്നും വായ്പാതുക |
| (ബി) | ഈ തുക വായ്പയായിട്ടാണോ നൽകിയിരിക്കുന്നതെന്നും തുക ഈടാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ധാരണാ പത്രം റബ്കോ, റബ്ബർമാർക്ക്, എന്നീ സഹകരണ സ്ഥാപനങ്ങളും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുമായി 02.09.2019 തീയതിയിൽ ഒപ്പ് വെച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**